പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ജൈവകൃഷി സമ്പ്രദായവും പ്രോൽസാഹിപ്പിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ആരോഗ്യ വകുപ്പിന്റെ സഹായത്തോടുകൂടി ഇതിനെപ്പറ്റി അന്വേഷിക്കുന്നതാണ്.

(7) പള്ളിക്കൽ പഞ്ചായത്തിൽ പദ്ധതിത്തുക വെട്ടിക്കുറച്ചതിനെതിരെ പഞ്ചായത്ത് അംഗങ്ങൾ നടത്തുന്ന നിരാഹാര സമരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിൽ രണ്ട് അംഗങ്ങൾ നിരാഹാരസത്യാഗ്രഹത്തിലാണ്. എല്ലാ പദ്ധതികൾക്കും എല്ലാ വാർഡിനും തുല്യമായ തുക നൽകണമെന്ന അഭിപ്രായമേ എനിക്കില്ല. പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്താണ് തുക അനുവദിക്കേണ്ടത്. ഇവിടെ വർക്കിംഗ് ചെയർമാൻമാരായിരുന്ന ആളുകളെ ദുരുദ്ദേശപരമായി ആ സ്ഥാനത്തുനിന്ന് നീക്കി. അതിനുശേഷം അവരുടെ വാർഡുകളിലേക്കുള്ള പദ്ധതി തുക വെട്ടിച്ചുരുക്കി. ഇപ്പോൾ അവർക്ക് തുടർ പദ്ധതികളുമായി മുന്നോട്ടു പോകാൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ പ്രതിഷേധിച്ചാണ് ഈ അംഗങ്ങൾ സത്യാഗ്രഹമിരിക്കുന്നത്. അതുമൂലം വികസന സ്തംഭനമുണ്ടായിരിക്കുകയാണ്. ഈ സമീപനം ഒഴിവാക്കുന്നതിനുവേണ്ടി പദ്ധതിത്തുക വെട്ടിച്ചുരുക്കുന്നതിനെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തി അതിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ പഞ്ചായത്തിലെ പ്രതിപക്ഷ മെമ്പർമാർ നിരാഹാര സമരത്തിലാണ്. സമരത്തിനാധാരമായ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വിശദമായി സൂചിപ്പിച്ചു. അതിനുള്ള മറുപടിയുടെ ഭാഗവും അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും പക്ഷപാതം, അഴിമതി, ധനദുർവിനിയോഗം എന്നിവയുണ്ടെന്ന ആക്ഷേപം ലഭിച്ചാൽ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

VI റിപ്പോർട്ട് സമർപ്പണം

(1) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ചെയർമാൻ ശ്രീ. എം. പി. ഗംഗാധരനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly